**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 392** **07-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2016-17 വർഷം എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതി പ്രകാരം ഇരുപത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ച് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹണം നടത്തുന്ന മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് കരാറുകാരൻ ശ്രീ വിഷ്ണു.യു.എസ് 11.12.2019 ൽ കരാറിൽ ഏർപ്പെട്ടെങ്കിലും പ്രവൃത്തി ഇതുവരെയും ടിയാൻ ആരംഭിച്ചിട്ടില്ല. പലതവണ നോട്ടീസ് നൽകിയിട്ടും മറുപടി ഇല്ലാത്തതിനാൽ ടിയാനെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെതിരെ നടപടി സ്വീകരിക്കണമെന്ന് എം.എൽ.എ. ശിപാർശ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>കരാറുകാരൻ ശ്രീ. വിഷ്ണു.യു.എസ് ന് നൽകിയ കരാർ റദ്ദ് ചെയ്യുകയും ടി പ്രവൃത്തിയായി കെട്ടിവെച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ട്കെട്ടുന്നതിന് ട്രഷറിയിലേക്കും ബാങ്കിലേക്കും കത്തുകൾ നൽകുകയും ടിയാനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (സി) | നിലവിലെ പഞ്ചായത്ത് ഓഫീസ് കെട്ടിടം മണ്ണിടിച്ചിലിന്റെ ഭീഷണിയിലാണെന്നതിനാൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രവൃത്തിയുടെ ടെണ്ടർ നടത്തിയ എസ്റ്റിമേറ്റ് പഴയ നിരക്കിലായതിനാൽ (ജി.എസ്.ടി. 3.5%) പുതിയ നിരക്കിൽ (ജി.എസ്.ടി.18%) എസ്റ്റിമേറ്റ് തയാറാക്കുമ്പോൾ നിലവിലെ തുക ഉപയോഗിച്ച് കെട്ടിടനിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയാതെ വരും. നിലവിലെ പഞ്ചായത്ത് ഓഫീസ് കെട്ടിടം മണ്ണിടിച്ചിൽ ഭീഷണിയിലാണ്. അതിനാൽ പഞ്ചായത്തിന്റെ തന്നെ ആസ്തിയിലുള്ള സ്ഥലത്ത് നിലനിൽക്കുന്ന ഭാഗികമായി പൂർത്തിയായ കെട്ടിടം നവീകരണം നടത്തി പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം ആ കെട്ടിടത്തിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി ഭരണാനുമതി തുകയിൽ നിലനിർത്തി ഭാഗികമായി നിർമ്മിച്ച കെട്ടിടത്തിന്റെ പൂർത്തീകരണം നടത്തുന്നതിന് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് 25,00,000/- (ഇരുപത്തഞ്ചുലക്ഷം രൂപാ) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിക്കുന്നത് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ